GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

Editor Farm News - Dr. V. Krishnadas

## എഫ് ഐ ബി കാർഷിക വാർത്തകൾ (FIB FARM NEWS) 31/07/2026

1) കർഷക ദിനാഘോഷത്തിന്റെ ഭാഗമായി പെരുമ്പാവൂർ മുടക്കുഴ പഞ്ചായത്ത് കൃഷിഭവന്റെ നേതൃത്വത്തിൽ കർഷക ദിനത്തിൽ കർഷകരെ ആദരിക്കുന്നതിനായി അപേക്ഷ ക്ഷണിച്ചു. 12 വിവിധ വിഭാഗങ്ങളിലാണ് പുരസ്കാരങ്ങൾ നൽകുന്നത്. അപേക്ഷകൾ നേരിട്ടോ, വാർഡ് അംഗങ്ങൾ, കാർഷിക വികസന സമതി അംഗങ്ങൾ വഴിയോ കൃഷി ഭവനിൽ സമർപ്പിക്കാം അപേക്ഷയോടൊപ്പം നിലവിലെ കൃഷി രീതികൾ, വിളകൾ ഇവയെക്കുറിച്ചുള്ള വിശദീകരണം, ആധാർ കാർഡിന്റെ പകർപ്പ് എന്നിവ സഹിതം ആഗസ്റ്റ് 5 നകം അപേക്ഷിക്കണം.

2) പൂക്കളെ മൂല്യവർധിത ഉത്പന്നങ്ങളാക്കി മാറ്റി സംരംഭകത്വത്തിനും അധിക വരുമാനത്തിനും അവസരമൊരുക്കുക എന്ന ലക്ഷ്യത്തോടെ

K-AgTech LaunchPad ദ്വിദിന പ്രായോഗിക പരിശീലനം സംഘടിപ്പിക്കുന്നു. ആഗസ്റ്റ് 10, 11 തീയതികളിൽ തിരുവനന്തപുരം വെള്ളായണിയിലെ കാർഷിക കോളേജിൽ പ്രവർത്തിക്കുന്ന K-AgTech LaunchPad-ലാണ് പരിശീലനം. പരിശീലനത്തിൽ പുതിയ പൂക്കൾ ഉപയോഗിച്ചുള്ള ഫ്ലോറൽ ഡിസൈൻ, ഫ്ലവർ അറേഞ്ച്മെന്റുകൾ, ബൊക്കെ നിർമാണം, പൊതിയൽ സാങ്കേതികവിദ്യകൾ, ഉണങ്ങിയ പൂക്കൾ തയ്യാറാക്കുന്ന വിവിധ രീതികൾ, ഡ്രൈ ഫ്ലവർ ഉപയോഗിച്ചുള്ള കരകൗശല വസ്തുക്കളുടെ നിർമ്മാണം, മൂല്യവർധിത ഉത്പന്നങ്ങളുടെ സാധ്യതകളും ഉപയോഗങ്ങളും എന്നിവയിൽ പരിശീലനം നൽകും. ഫ്ലോറികൾച്ചർ, അലങ്കാര വസ്തു നിർമാണം, സ്വയംതൊഴിൽ, ചെറുകിട സംരംഭകത്വം എന്നിവയിൽ താൽപര്യമുള്ള യുവാക്കൾക്കും സ്ത്രീകൾക്കും കർഷകർക്കും സംരംഭകർക്കും പരിശീലനം പ്രയോജനപ്പെടുത്താം. പരിശീലനം വിജയകരമായി പൂർത്തിയാക്കുന്നവർക്ക് സർട്ടിഫിക്കറ്റ് നൽകും. രജിസ്ട്രേഷനു https://forms.gle/AaZXEiebT4Gpw7ASA എന്ന ലിങ്ക് വിഴി ചെയ്യാവുന്നതാണ്. കൂടുതൽ വിവരങ്ങൾക്ക് 9995624888 എന്ന ഫോൺ നമ്പറിൽ ബന്ധപ്പെടാം.

3) കേരള സംസ്ഥാന ജൈവ വൈവിധ്യ ബോർഡ് ( KSBB ) 2025-ലെ സംസ്ഥാന ജൈവ വൈവിധ്യ സംരക്ഷണ പുരസ്കാരങ്ങൾക്ക്

അപേക്ഷ ക്ഷണിച്ചു. സംസ്ഥാനത്തെ ജൈവവൈവിധ്യ സംരക്ഷണം, പാരമ്പര്യ അറിവുകളുടെ സംരക്ഷണം, ജൈവ വിഭവങ്ങളുടെ സുസ്ഥിര ഉപയോഗം, ജനകീയ പങ്കാളിത്തത്തോടെയുള്ള ജൈവ വൈവിധ്യ പരിപാലനം തുടങ്ങിയ മേഖലകളിൽ ശ്രദ്ധേയമായ സംഭാവനകൾ നൽകിയ വ്യക്തികൾ, കർഷകർ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ജൈവ വൈവിധ്യ മാനേജ്മെന്റ് കമ്മിറ്റികൾ, സന്നദ്ധ സംഘടനകൾ എന്നിവരെ ആദരിക്കുന്നതിനായി വിവിധ വിഭാഗങ്ങളിലായി 15 ജൈവ വൈവിധ്യ പുരസ്ക്കാരങ്ങൾക്കാണ് അപേക്ഷ ക്ഷണിച്ചത്. അവാർഡിനുള്ള അപേക്ഷകൾ/നാമനിർദ്ദേശങ്ങൾ തപാൽ മാർഗം മാത്രമേ സ്വീകരിക്കുകയുള്ളൂ. പൂരിപ്പിച്ച അപേക്ഷയും അനുബന്ധ രേഖകളും 2026 ജൂലൈ 31-നകം ലഭ്യമാക്കണം. കൂടുതൽ വിവരങ്ങൾക്കും അപേക്ഷ ഫോമിനും ബോർഡിന്റെ വെബ്സൈറ്റായ www.kerlabloiversity.org സന്ദർശിക്കുകയോ 0471 2724740 എന്ന ഫോൺ നമ്പറിൽ ബന്ധപ്പെടുകയോ ചെയ്യുക.

4) കർഷക തൊഴിലാളി ക്ഷേമനിധി ബോർഡിൽ അംഗങ്ങളായ തൊഴിലാളികളുടെ കുട്ടികളിൽ 2025-2026 അധ്യയന വർഷത്തിൽ എസ്.എസ്.എൽ.സി, പ്ലസ്ടു പരീക്ഷകളിൽ ഉന്നതവിജയം

നേടിയവർക്കുള്ള വിദ്യാഭ്യാസ അവാർഡിന് അപേക്ഷ ക്ഷണിച്ചു. ജില്ലാ എക്സിക്യൂട്ടീവ് ഓഫീസിൽ ഓഗസ്റ്റ് 31 വരെ അപേക്ഷ സ്വീകരിക്കുമെന്ന് ജില്ലാ എക്സിക്യൂട്ടീവ് ഓഫീസർ അറിയിച്ചു. സർക്കാർ സ്കൂളിലോ എയ്ഡഡ് സ്കൂളിലോ പഠിച്ച് 2026 മാർച്ചിൽ നടത്തിയ എസ്.എസ്.എൽ.സി/ടി.എച്ച്.എസ്.എൽ.സി, ഹയർസെ ക്കൻഡറി/ വൊക്കേഷണൽ ഹയർസെക്കൻഡറി പരീക്ഷകളിൽ സ്റ്റേറ്റ് സിലബസിൽ പഠിച്ചവരും ആദ്യ ചാൻസിൽ ഉന്നത വിജയം നേടിയവരുമായ വിദ്യാർഥികൾക്കാണ് അർഹതയുള്ളത്. അൺഎയ്ഡഡ് സ്ഥാപനങ്ങളിൽ പഠിച്ച വിദ്യാർഥികൾ അവാർഡിന് അപേക്ഷിക്കേണ്ടതില്ല. അപേക്ഷകർ ക്ഷേമ നിധി പാസ് ബുക്ക്, ആധാർ, ബാങ്ക് പാസ്സുക്ക്, മാർക്ക് ലിസ്റ്റ്, ടി.സി എന്നിവയുടെ സ്വയം സാക്ഷ്യപ്പെടുത്തിയ പകർപ്പുകൾ, യൂണിയൻ സാക്ഷിയപത്രം, പേരിനോ അഡ്രസിനോ വ്യത്യാസം ഉണ്ടെങ്കിൽ വൺ ആൻഡ് സെയിം സർട്ടിഫിക്കറ്റ് എന്നിവ അപേഷയോടൊപ്പം ഹാജരാക്കണം. കൂടുതൽ വിവരങ്ങൾക്ക് 0471 –2729175 ഫോൺ നമ്പറിലോ www.agriworkersfund.org വെബ് സൈറ്റ് സന്ദർശിക്കുകയോ ചെയ്യാവുന്നതാണ്.

5) കർഷക ദിനാഘോഷത്തിന്റെ ഭാഗമായി വടകര നഗരസഭാ കൃഷിഭവൻ മികച്ച കർഷകരെ ആദരിക്കുന്നു. 13 വിഭാഗങ്ങളിലാണ് കർഷകരെ ആദരിക്കുന്നത്. അപേക്ഷകൾ ആഗസ്റ്റ് 5 നകം വടകര കൃഷിഭവൻ ഓഫീസിലോ അതാത് വാർഡ് കൗൺസിലറുടെ കയ്യിലോ സമർപ്പിക്കണം.

6) വിതുര കൃഷിഭവനിൽ നിന്ന് ഹൈബ്രിഡ് പച്ചക്കറി വിത്തുകൾ ഇന്ന് മുതൽ വിതരണം ചെയ്യും. 10 സെന്റ് സ്ഥലത്തെങ്കിലും കൃഷി ചെയ്യാൻ താല്പര്യമുള്ള കർഷകർ കരമടച്ച രസീതിന്റെ കോപ്പി സഹിതം കൃഷി ഓഫീസിൽ നേരിട്ട് എത്തി വാങ്ങേണ്ടതാണെന്ന് കൃഷി ഓഫീസർ ദിവ്യ എം.വി അറിയിച്ചു. കൂടുതൽ വിവരങ്ങൾക്ക് 9383470167 എന്ന ഫോൺ നമ്പറിൽ ബന്ധപ്പെടാം.

7) കർഷക സുരക്ഷയും വിള സംരക്ഷണവും ഉറപ്പാക്കുന്നതിനായി കൃഷി വകുപ്പ് നടപ്പിലാക്കുന്ന കാലാവസ്ഥ അധിഷ്ഠിത വിള ഇൻഷുറൻസ് പദ്ധതി (WBCIS) – ഖരീഫ് 2026 സീസൺ അപേക്ഷ ക്ഷണിച്ചു. അർഹതപ്പെട്ട കർഷകർക്ക് അംഗീകൃത ഏജൻസികളിലൂടെയോ ഔദ്യോഗിക ഓൺലൈൻ പോർട്ടലിലൂടെയോ അപേക്ഷ സമർപ്പിക്കാവുന്നതാണ്. കൂടുതൽ വിവരങ്ങൾക്കും അപേക്ഷയ്ക്കുമായി കർഷകർക്ക് അംഗീകൃത ഏജൻസിയായ അഗ്രിക്കൾച്ചർ

ഇൻഷുറൻസ് കമ്പനിയുമായി ബന്ധപ്പെടുകയോ, ഔദ്യോഗിക ഓൺലൈൻ പോർട്ടൽ ആയ https://pmfby.gov.in സന്ദർശിക്കുകയോ, 1800-425-7064 എന്ന ടോൾ ഫ്രീ നമ്പറിൽ വിളിക്കുകയോ ചെയ്യുക. അപേക്ഷ സമർപ്പിച്ച ശേഷം ലഭിക്കുന്ന പോളിസി കോപ്പി പരിശോധിച്ച് പ്രീമിയം തുക, ഇൻഷുറൻസ് ചെയ്ത പഞ്ചായത്ത്, വിളയുടെ പേര് എന്നിവ കൃത്യമാണോയെന്ന് ഉറപ്പുവരുത്തി സൂക്ഷിക്കേണ്ടതാണ്. ഈ വർഷത്തെ ആദ്യ സീസണായ ഖാരിഫിൽ രജിസ്റ്റർ ചെയ്യുന്നതിനുള്ള സമയം ഇന്ന് വരെ നീട്ടി. വിള ഇൻഷുറൻസ് ഏജൻറുമാർ, സി.എസ്.സി. എന്നിവ വഴി കർഷകർക്ക് രജിസ്റ്റർ ചെയ്യാം. ബാങ്ക് വായ്പയെടുത്ത കർഷകർക്ക് ബാങ്ക് മുഖാന്തരം ഓഗസ്റ്റ് 15 വരെ അപേക്ഷിക്കാം.